# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4057 24.06.2019 -ലെ മറുപടിക്ക്**

## മാവേലിക്കര മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആർ. രാജേഷ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി പ്രകാരം മാവേലിക്കര നിയോജക മണ്ഡലത്തിലെ ഏതെല്ലാം കോളനികളിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം മാവേലിക്കര നിയോജക മണ്ഡലത്തിൽ നിന്നും അയിക്കമത്തുവിള, ഐ.കെ.എസ് എന്നീ കോളനികളെ തെരഞ്ഞെടുത്തിരുന്നു.<br>അയിക്കമത്തുവിള കോളനിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>(a) റോഡ് നിർമ്മാണം<br>(b) സംരക്ഷണ ഭിത്തി<br>(c) ഭവന പുന:രുദ്ധാരണം<br>ജില്ലാ പട്ടികജാതി വികസന ഓഫീസറുമായി കരാർ ഒപ്പ് വച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഏജൻസിയായ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഐ.കെ.എസ് കോളനിയിൽ ഏജൻസി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏജൻസികളും, ഉദ്യോഗസ്ഥരും ചേർന്ന് സംയുക്ത അദാലത്ത് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ